# STD - VII

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്   യേശുവിന്റെ ബാല്യകാലം  ഭാഗം - ഒന്ന്

### ലക്ഷ്യം

ബാലനായ യേശുവിനെപ്പോലെ മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും വിധേയരായി ജീവിക്കുക. ദൈവമഹത്വവും മനുഷ്യനന്മയും ആയിരിക്കണം നമ്മുടെ ജീവിതലക്ഷ്യം.

### പഠനസഹായികൾ

* ചെയിൻ കാർഡ് (ബാലനായ യേശുവിന്റെ ഗുണവിശേഷണങ്ങൾ)
* ഹെലൻ കെല്ലറിന്റെ ജീവചരിത്രം ചുരുക്കിപ്പറയുന്നു.
* വചനം - മത്തായി രണ്ടാം അധ്യായം, വി. ലൂക്ക 2:52

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിന്റെ ജനനം ഹേറോദേസ് രാജാവിനെ അസ്വസ്ഥനാക്കി.
* ഉണ്ണിയേശുവിനെ വധിക്കാൻ ഹേറോദേസ് രാജാവ് ആഗ്രഹിച്ചു.
* ഹേറോദേസ് കുട്ടികളെ വധിക്കുന്നു.
* ദൈവത്തെ അന്വേഷിക്കുന്നവർക്ക് മാത്രമേ ദൈവികജ്ഞാനം ലഭിക്കുകയുള്ളൂ.
* ഈജിപ്തിലേക്കുള്ള പലായനം
* ഈജിപ്തിൽ നിന്നുള്ള തിരിച്ചുവരവ്.

# STD - VII

## അദ്ധ്യാപക സഹായി

## പാഠം – രണ്ട് യേശുവിന്റെ ബാല്യകാലം ഭാഗം – രണ്ട്

ഭാഗം രണ്ടിലെ പ്രധാനപ്പെട്ട ആശയങ്ങളെക്കുറിച്ച് ചോദിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* പിതാവിന്റെ ഭവനത്തിൽ – നസ്രത്തിലെ കൊച്ചുകുടുംബത്തിലെ യേശു വളർന്നു. യേശുവിന് 12 വയസ്സുള്ളപ്പോൾ ജെറുസലേം ദേവാലയത്തിൽ വച്ച് യേശുവിനെ കാണാതാവുന്നു. മൂന്നാം നാൾ ദേവാലയത്തിൽവച്ച് കണ്ടുമുട്ടുന്നു.
* യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു.
* യേശുവിന്റെ രഹസ്യ ജീവിതകാലം
* ബാലനായ യേശുവിൽ കാണുന്ന ഗുണവിശേഷങ്ങൾ.
* ബാലനായ യേശു. കുടുംബാന്തരീക്ഷത്തിൽ ജീവിക്കുന്നു, പ്രാർത്ഥിക്കുന്നു, ദൈവാലയത്തിൽ പോകുന്നു, തീർത്ഥാടനത്തിൽ പങ്കെടുക്കുന്നു. ഉത്തമ വിശ്വാസജീവിതത്തിന് മാതൃകയാകുന്നു.

### പ്രാർത്ഥന

സ്നേഹനാഥനായ യേശുവേ, അങ്ങയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു" വി. ലൂക്കാ 2:25 ചൊല്ലുന്നു.

### ചോദ്യങ്ങൾ

1. യേശുവിന്റെ ജനനം ആരെയാണ് അസ്വസ്ഥനാക്കിയത്?
2. കുടുംബത്തിന്റെയും സഭയുടെയും കാവൽക്കാരൻ ആരാണ്?
3. ദൈവശാസ്ത്ര വിവാദങ്ങൾ പരിഹരിക്കാൻ സഭയിൽ വിളിച്ചുകൂട്ടുന്നത് എന്ത്?
4. യഹൂദ യുവാവിന്റെ നിർബന്ധിത ആചാരം എന്തായിരുന്നു?
5. ബാലനായ യേശുവിൽ കാണുന്ന ഗുണവിശേഷങ്ങൾ ഏവ?